# ജനത്തിനു വേണ്ടി

ഈയടുത്ത് ഒരു ക്ലബ്ബിൻെറ ഉദ്ഘാടനചടങ്ങിൽ പങ്കെടുക്കാനിടയായി. തൻെറ സംസാരത്തിനിടയിൽ ക്ലബ്ബിൻെറ ഉദ്ദേശ്യ-ലക്ഷ്യങ്ങളെ വിശദീകരിച്ചു കൊണ്ട് അതിൻെറ പ്രസിഡണ്ട് പറഞ്ഞു: "നമ്മുടെ നാട്ടിൽ കലാ-കായിക രംഗങ്ങളിൽ കഴിവുള്ളവരെ കണ്ടെത്തി അവരെ വളർത്തിക്കൊണ്ടുവരികയാണ് നമ്മുടെ ലക്ഷ്യം. അതിന് ഈ നാട്ടുകാരുടെ അകമഴിഞ്ഞ സഹകരണം ആവശ്യമാണ്."

ഏറെ കഴിയുന്നതിനു മുമ്പ് ക്ലബ്ബിൻെറ ധനശേഖരണാർഥം ഒരു ഫുട്ബാൾ ടൂർണമെൻറ് സംഘടിപ്പിച്ചു. നിലവാരമുള്ള പല ടീമുകളും അതിൽ സംബന്ധിക്കുന്നതായി അനൗൺസും ചെയ്തു. രണ്ട് കളി കഴിഞ്ഞതോടെ ക്ലബ്ബിൻെറ ഭാരവാഹികൾ തമ്മിൽ ഉടക്കുകയും മോശമല്ലാത്ത അടിപിടിയിൽ അത് കലാശിക്കുകയും ചെയ്തു. അതോടെ ആ ക്ലബ്ബ് അവസാനിച്ചു.

പ്രവാചകൻ മുഹമ്മദ് തൻെറ അനുയായികളോട് പറഞ്ഞ ഒരു വാക്ക് ഇങ്ങനെ: നിങ്ങൾ ജനങ്ങൾക്ക് എളുപ്പമുണ്ടാക്കുക. അവർക്ക് പ്രയാസമുണ്ടാക്കുന്നവരാകരുത്."

നാം നമ്മുടെ ജീവിതത്തെ ഏറെ വിചിത്രമാക്കി മാറ്റുകയാണ്. അത് ഏറെ മധുരതരമാണ്. പക്ഷേ, ജീവിതം എന്തിനെന്നും എങ്ങനെ ജീവിക്കണമെന്നും അറിയാത്തവന് എങ്ങനെയെങ്കിലും തീർക്കേണ്ട സംഗതിയായി മാറും ജീവിതം.

ജനത്തിനു വേണ്ടി ജീവിക്കുകയെന്നതാണ് ജീവിതത്തെ മധുരം നിറഞ്ഞതാക്കാനുള്ള വഴി. അതൊക്കെത്തന്നെയാണ് ഈ ജീവിതത്തിൽ പ്രസക്തമായിട്ടുള്ളത്. അതിലൂടെയാണ് പുണ്യം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ.

പക്ഷേ, പുണ്യത്തെയും നന്മയെയും സംബന്ധിച്ച് ബോധവും ധാരണയും ഇല്ലാത്തവർ ജീവിതം തോന്നിയത് പോലെ തീർക്കുക സ്വാഭാവികം. അതുകൊണ്ടാണ് സ്വാർഥം ഉടലെടുക്കുന്നതും അത് മറ്റുള്ളവർ അംഗീകരിക്കണമെന്ന് ശഠിക്കുന്നതും അതിൻെറ പേരിൽ ആക്രമിക്കാൻ ഒരുമ്പെടുകയും ചെയ്യുന്നത്.

അത് മാറണം. വ്യക്തിയായാലും സമൂഹമായാലും ജനങ്ങളുടെ ഉന്നമനമായിരിക്കണം ഗുണകാംക്ഷ. ഏത് സംഘടനകളുടെയും സാംസ്കാരികവേദികളുടെയും നിലനില്പും വിജയവും അതിലൂടെയാണ് സാധിക്കുക.

പക്ഷേ, ഇന്ന് അതല്ല പ്രശ്നം. സ്വന്തത്തെ വലുതാക്കി കാണിക്കലാണ് വലുത്. അതിന് വിഘാതം വരുന്നേടത്ത് കലാപം ഉണ്ടാക്കാൻ വരെ ചെയ്യാൻ ജനം തയാറാണ്. പക്ഷേ, ഈ രീതി മനുഷ്യന് ചേർന്നതല്ല.

നാട്ടിൽ, ജനങ്ങൾക്കിടയിൽ രൂപപ്പെടുന്ന ഏത് വേദിയോടും ജനങ്ങളുടെ വികാരവും ഊട്ടപ്പെട്ടിട്ടാകും. ഇത് നാം തിരിച്ചറിയണം. അത് അവരുടെ വികാരമാണ്. ഈ വികാരങ്ങളെ വ്രണപ്പെടുത്തുന്ന രീതിയിലാകരുത് സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകുന്നത്. ജനങ്ങളുടെ വികാരങ്ങൾക്ക് ആവേശവും സമാധാനവും അവിടെനിന്ന് ലഭിക്കണം. കാരണം, അവരൊക്കെയാണല്ലോ അതിൻെറ ഊർജം.

കൂട്ടായ്മകൾക്ക് ഏറെ പ്രസക്തിയുള്ള കാലമാണിത്. ദുരിതബാധിതർ, രോഗികൾ, അഗതികൾ തുടങ്ങി സാമൂഹികമായി ഒട്ടേറെ പ്രശ്നങ്ങൾ നാം ദിനേന അഭിമുഖീകരിക്കുന്നുണ്ട്. അവരൊക്കെ സ്വന്തം നിലക്ക് തങ്ങളെ സഹായിക്കാൻ സാധിക്കാത്ത നിസ്സഹായരുമാണ്. സമൂഹമാണ് അവരുടെ രക്ഷകന്മാർ. വ്യക്തികളിൽനിന്നും സന്നദ്ധസേവകന്മാരിൽനിന്നും സാംസ്കാരിക സംഘടനകളിൽനിന്നുമൊക്കെ അവർ പലരും പ്രതീക്ഷിക്കുന്നുണ്ട്. അത് അവരുടെ ജീവിതപ്രശ്നവും അവകാശവുമാണ്. അവിടെ നാം സ്വയം വിലങ്ങ് തടികളായി മാറരുത്. അവർക്ക് ആശ്വാസം നല്കുന്നവരായി ഉയരാനാണ് ശ്രമിക്കേണ്ടത്.

എന്തിൻെറ പേരിലായാലും ഏത് ലക്ഷ്യത്തോടെയായാലും കൂണുകൾ പോലെ മുളച്ചുവരുന്ന സംഘടനകളും ക്ലബ്ബുകളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.